**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 880

29.09.2016 - ൽ
മറുപടിയ്ക്ക്

## റവന്യൂ ഭൂമിയും വനഭൂമിയും കൈവശം വച്ച് കൃഷി ചെയ്ത് ജീവിക്കുന്നവർക്ക് പട്ടയം

ചോദ്യം
ശ്രീ.ആന്റണി ജോൺ

മറുപടി
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും
വകുപ്പ് മന്ത്രി)

(എ) കോതമംഗലം മണ്ഡലത്തിലുൾപ്പെടുന്നതും, 2001 ന മുമ്പ് ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നതുമായ കുട്ടമ്പുഴ പഞ്ചായത്തിൽ 1977 ന മുമ്പ് വനഭൂമി കൈവശം വച്ച് അനുഭവിച്ചു വരുന്നവർക്കും, വർഷങ്ങളായി റവന്യൂ ഭൂമി കൈവശം വച്ചും കൃഷി ചെയ്തും ജീവിക്കുന്നവർക്കും പട്ടയം ലഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇടുക്കി ജില്ലയിൽ പട്ടയം നൽകുന്നതിനുള്ള നടപടി ദ്രുതഗതിയിൽ ആരംഭിച്ചിട്ടുള്ളതിനാൽ ഇടുക്കി ജില്ലയുടെ ഭാഗമായിരുന്നതും അതിന സമാനവുമായ എറണാകുളം ജില്ലയിൽപെടുന്ന കുട്ടമ്പുഴ വില്ലേജിലെ പട്ടയ വിതരണവും നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(എ) & (ബി) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിന്റെ ഭാഗമായിരുന്ന കുട്ടമ്പുഴ പഞ്ചായത്ത് ഭരണ സൗകര്യാർത്ഥം 01.01.1997 ൽ എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ കൂട്ടിച്ചേർക്കുകയായിരുന്നു. ടി പഞ്ചായത്തിൽ 1964 ലെ ഭൂമിപതിവ് ചട്ട പ്രകാരവും 1993 ലെ ഭൂമി പതിവ് പ്രത്യേക ചട്ട പ്രകാരവും പതിവ് നടപടികൾ നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ